കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ - ജീവനക്കാര്യം – നഗരസഭയിലെ 9 ശ്മശാനങ്ങളിൽ ഓരോ വാച്ച്മാൻമാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2994/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 05/12/2013

പരാമർശം :

1. കൊച്ചി നഗരസഭാ കൌൺസിലിന്റെ 3/3/2012 ലെ 5ാം നമ്പർ തീരുമാനം
2. 24/10/2013 ലെ നഗരകാര്യ ഡയറക്ടറുടെ ജി.2.4845/13ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരമുള്ള കൊച്ചി നഗരസഭാ കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിലെ 9(ഒമ്പത്) ശ്മശാനങ്ങളിൽ ഓരോ വാച്ച്മാൻമാരെ നിയമിക്കുന്നതിനായി 9(ഒമ്പത്) വാച്ച്മാൻ തസ്തിക അനുവദിക്കുന്നതിനായി കൊച്ചി നഗരസഭയുടെ അപേക്ഷ പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കൊച്ചി നഗരസഭയിലെ 9 ശ്മശാനങ്ങളിൽ ഓരോ വാച്ച്മാൻമാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ടി ശ്മശാനങ്ങളുടെ നടത്തിപ്പിന് കരാർ നൽകുന്നതുവരെ മാത്രം നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ